**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** | **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായവർക്ക് ജോലി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വിവിധ ഹയർസെക്കൻഡറി സ്കൂളുകളിൽ ഭിന്നശേഷിക്കാരായ എത്ര പേർക്ക് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ടുണ്ടെന്ന് ജില്ലയും വിഷയവും തിരിച്ച് വ്യക്തമാക്കുമോ? | (എ) | കഴിഞ്ഞ അഞ്ചു വർഷ കാലയളവിനുള്ളിൽ ഹയർ സെക്കന്ററി എയ്ഡഡ് വിഭാഗത്തിൽ താഴെ പറയുന്ന ജില്ലകളിൽ ഭിന്നശേഷിക്കാർക്ക് അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ട്.<br><br>എറണാകുളം - 1 (എച്ച്.എസ്.എസ്.റ്റി മലയാളം)<br><br>കണ്ണൂർ – 2 (എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്)<br><br>കൊല്ലം - 1 (എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ്)<br><br>കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ സർക്കാർ മേഖലയിൽ 41 ഭിന്നശേഷിക്കാർക്ക് അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ട്. നിയമനം സംസ്ഥാനതലത്തിൽ ആകയാൽ സർക്കാർ മേഖലയിലെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമല്ല.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ഭിന്നശേഷിക്കാർക്ക് നൽകിയ നിയമനം സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ